**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2054** **05.05.2017-ൽ മറുപടിയ്ക്ക്**

# ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കായി പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ.എ.കെ.ബാലൻ |
| ശ്രീ.ഒ. ആർ. കേളു | (പട്ടികജാതി പട്ടികവർഗ്ഗ |
| ശ്രീ.പി.വി. അൻവർ | പിന്നോക്കസമുദായക്ഷേമവും നിയമവും |
| ശ്രീ.ഡി.കെ. മുരളി | സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിലുള്ള പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ബി) | ആദിവാസി അധിവാസ മേഖലകളിൽ നിന്നു മാറി ഒറ്റപ്പെട്ടു താമസിക്കുന്ന ആദിവാസി കുടുംബങ്ങൾ ഉണ്ട്. ഇവരുടെ എണ്ണം വളരെ കുറവായതിനാൽ പലപ്പോഴും ആദിവാസി ഉപപദ്ധതി ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാറില്ല. ഇപ്രകാരമുള്ള കുടുംബങ്ങളുടെ വികസനമാണ് പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതിയുടെ ലക്ഷ്യം. |
| സി) | ഓരോ പട്ടികവർഗ്ഗ സെറ്റിൽമെന്റിനും പദ്ധതി തയ്യാറാക്കുന്നതിനായി ഊരുകൂട്ടങ്ങളുടെ പങ്കാളിത്തവും വിലയിരുത്തലും ലഭ്യമാക്കുമോ; | സി) | ഓരോ സെറ്റിൽമെന്റിനും പദ്ധതി തയ്യാറാക്കുന്നത് ഊരുകൂട്ടങ്ങളുടെ പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോ പ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിനായി വിവിധ വകുപ്പുകളുമായി വിശദമായ ചർച്ചകളും വിവരങ്ങൾ രേഖപ്പെടുത്തി നിർവ്വഹണത്തിന് അനുയോജ്യമായ രൂപരേഖ അന്തിമമാക്കുക എന്നത് അനിവാര്യമാണ്. ഓരോ മൈക്രോപ്ലാനും അതാത് ജില്ലാകളക്ടറുടെ അംഗീകാരം നേടുന്നതാണ്. |
| ഡി) | ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; | ഡി) | ഗ്രാമവികസനം, സാമൂഹ്യനീതി, വനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വികസന വകുപ്പുകളും കുടുംബശ്രീ മിഷൻ, എം.എൻ.ആർ.ഇ.ജി.എസ്, പഞ്ചായത്തുകൾ, പ്രാദേശിക ജില്ലാ സംസ്ഥാനതലത്തിൽ ഏകോപനം ഉറപ്പാക്കുന്നതാണ്. |
| ഇ) | ഈ പദ്ധതി മോണിട്ടർ ചെയ്യുന്നതിന് ഉന്നതതല കമ്മിറ്റി രൂപീകരിക്കുന്നുണ്ടോ; എങ്കിൽ ആരെല്ലാമാണ് ഇതിൽ അംഗങ്ങളാകുന്നതെന്ന് വ്യക്തമാക്കുമോ? | ഇ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെയും, ആസൂത്രണബോർഡ് വൈസ് ചെയർമാന്റെയും നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു ഉന്നതതല കമ്മിറ്റിയാണ് സംസ്ഥാനതലത്തിൽ ഈ പരിപാടി മോണിറ്റർ ചെയ്യുന്നത്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി യഥാസമയം പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ